**ശ്രദ്ധക്ഷണിക്കൽ**

ഇടതുകര ലിങ്ക് കനാൽ പ്രവൃത്തി

ശ്രീ. ബി. ഡി. ദേവസ്സി: സർ, അന്തരിച്ച ആദരണീയനായ എ. പി. കുര്യൻ മുൻകയ്യെടുത്തുകൊണ്ടുവന്നതാണ് ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്. മഴക്കാലത്ത് ചാലക്കുടി പുഴയിൽ അധികമായിവരുന്ന വെള്ളം വാച്ചുമരത്തുള്ള തോടിലൂടെ ഇടമലയാറിലെത്തിച്ച് ആ വെള്ളം ലിങ്ക് കനാൽ വഴി തുമ്പൂർമൂഴി ഡൈവേർഷൻ സ്കീമിലെ ഇടതുകര കനാലിലെത്തിക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. 1981-ൽ ആരംഭിച്ച ഈ പ്രോജക്ട് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ..(ബഹളം).. തികഞ്ഞ അനാസ്ഥയും കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് ഇതിന്റെ പിന്നിലുണ്ടായിട്ടുള്ളത്. കേരള ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിലെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തേയ്ക്കുവിടുന്ന ജലം ചാലക്കുടിപ്പുഴയിലെ തുമ്പൂർമുഴി വിയറിൽനിന്നും വലതുകര ഇടതുകര കനാൽ ശൃംഖലകൾ വഴിതിരിച്ചുവിട്ട് ജലവിതരണം നടത്തുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം. വലതുകര കനാലിൽനിന്നും നേരിട്ട് 6392 ഹെക്ടർ പ്രദേശത്തും ഇടതുകര കനാലിൽനിന്നും നേരിട്ട് 7750 ഹെക്ടർ

പ്രദേശത്തുമുൾപ്പെടെ 14142 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. ഈ കനാലുകൾവഴിയാണ് ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ അഞ്ച് നിയോജക മണ്ഡലങ്ങളിലെ ജലസേചനത്തിനും കുടിവെള്ളത്തിനും വെള്ളമെത്തിക്കുന്നത്. വലതുകര-ഇടതുകര പ്രധാന കനാലുകളും ബ്രാഞ്ച് കനാലുകളും ഡിസ്ട്രിബ്യൂട്ടറികളുംകൂടി 143.68 കിലോമീറ്റർ ദൈർഘ്യമുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ആയക്കെട്ട് ഭാഗത്തുവരുന്ന മുന്നേക്കർ മുതൽ 35 ഏക്കർവരെ വിസ്തീർണ്ണമുള്ള 6 ചിറകളിലും മൂന്ന് കുളങ്ങളിലും വെള്ളം നിറച്ച് അതാത് പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം തമിഴ്നാട് കേരള ഷോളയാറിലേയ്ക്ക് വെള്ളം ലഭ്യമാക്കേണ്ടതുണ്ട്. കരാർ അനുസരിച്ചുള്ള ജലം തമിഴ്നാട് കേരള ഷോളയാറിലേയ്ക്ക് ഒഴുക്കിവിടുന്നതിൽ വരുന്ന കുറവ് ചാലക്കുടി നദീതടത്തിൽ വരൾച്ചയ്ക്കും താഴെ ഭാഗങ്ങളിൽ ഓരുവെള്ളം കയറുന്നതിനും കാരണമാകുന്നു. തമിഴ്നാട്, കരാറനുസരിച്ച് പലപ്പോഴും വെള്ളം തരാറില്ല. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ ജലവിതരണത്തെ ഇത് വലിയതോതിൽ ബാധിക്കുന്നു. കേരള ഷോളയാർ ഡാമിലെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തുവിടുന്ന വെള്ളം

പെരിങ്ങൽക്കുത്തിലെ വൈദ്യുതി ഉൽപ്പാദനത്തിനുശേഷം ചാലക്കുടി പുഴയിലെ നീരൊഴുക്കായി മാറുകയാണ് ചെയ്യുന്നത്. പെരിങ്ങൽക്കുത്ത് പവർ സ്റ്റേഷനിൽ പകൽ സമയത്തേക്കാൾ കൂടുതലായി രാത്രി സമയങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ജലം പുറത്തുവിടുന്നതിനാൽ... (ബഹളം)..

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ചാലക്കുടി പുഴയിലും കനാലുകളിലും ലഭ്യമാകുന്ന വെള്ളത്തിന് വലിയ ഏറ്റക്കുറവുകളുണ്ടാകുന്നുണ്ട്. പ്രത്യേകിച്ചും പകൽ സമയത്ത് ജലലഭ്യത തീരെക്കുറവാണ്. കനാലിലൂടെ വാലറ്റംവരെ ജലവിതരണം സുഗമമായി നടത്തുന്നതിന് ഇതുമൂലം കഴിയുന്നില്ല. ഇത് ചാലക്കുടി റിവർ ഡൈവേർഷൻ പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് രൂക്ഷമായ ജലദൗർലഭ്യവും അതുവഴി കാർഷിക മേഖലയിൽ പ്രതിസന്ധിയും സംജാതമാക്കും. ഇടമലയാർ ഇറിഗേഷൻ പദ്ധതി ഭൂതത്താൻകെട്ട് ബാരേജിന്റെ വലതുഭാഗത്തുനിന്നാരംഭിച്ച് പെരിയാർ ചാലക്കുടി ബെയ്സിന്റെ 14394 ഹെക്ടർ കൃഷിഭൂമിയിലേയ്ക്ക് ജലസേചനം നടത്തുന്ന പദ്ധതിയാണ്. .... (ബഹളം)..

<u>മി. സ്പീക്കർ</u>: യെസ്.. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: 32.278 കിലോമീറ്റർ മെയിൻ കനാലും 27.25 കിലോമീറ്റർ ലോ ലെവൽ കനാലും 7.52 കിലോമീറ്റർ ലിങ്ക് കനാലും കൂടിയാണ് ഈ പദ്ധതിയുടെ കനാൽ ശൃംഖല. ലിങ്ക് കനാൽ മെയിൻ കനാലിന്റെ വാലറ്റത്തുനിന്ന് ആരംഭിക്കുന്നു. ... (ബഹളം)....

<u>മി. സ്പീക്കർ</u>: ശ്രീ. ബി. ഡി. ദേവസ്സി, ദയവായി കൺക്ലൂഡ് ചെയ്യൂ..

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ആകെ ഭൂമി ഏറ്റെടുക്കേണ്ട 5 ഹെക്ടറിന്റെ വിലയിൽ ബാക്കിവരുന്ന പണികൾക്കാവശ്യമായിവരുന്ന തുകയും ഉൾപ്പെടെ ആകെ 85 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ലിങ്ക് കനാലിൽക്കൂടിയുള്ള വെള്ളം ചാലക്കുടി ഇടതുകരയ്ക്ക് പ്രയോജനപ്പെടുത്തിക്കൊണ്ടും തുമ്പൂർമൂഴിയിൽ ബാക്കിവരുന്ന വെള്ളം വലതുകര കനാലിൽ കൊടുത്ത് ചാലക്കുടിയിലെ മുഴവൻ ആയക്കെട്ട് പ്രദേശത്തും സുഗമമായി ജലസേചനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. തുമ്പൂർമൂഴിക്കുമുകളിൽ ചാലക്കുടി പുഴയിൽ കൂടുതൽ ജലം സംഭരിക്കുന്നതിനായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുകയും ഇടമലയാർ ഇറിഗേഷൻ പദ്ധതിയിലെ ലിങ്ക് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്താൽ ചാലക്കുടി ഉൾപ്പെടെയുള്ള അഞ്ച് നിയോജക മണ്ഡലങ്ങളിലെ കുടിവെള്ള ജലസേചന

പദ്ധതികൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും. ആയതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു. ... (ബഹളം)...

(ആന്തൂർ നഗരസഭാ അദ്ധ്യക്ഷയ്ക്കെതിരെ കേസ്സെടുക്കണമെന്ന ആവശ്യമുന്നയിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനുള്ള ഉത്തരം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.....(ബഹളം)....

മി. സ്പീക്കർ: സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ ദയവായി സഹകരിക്കണം. .... (ബഹളം).... സബ്മിഷനുകൾ റദ്ദ് ചെയ്തിരിക്കുന്നു. സബ്മിഷനുകളുടെ ഉത്തരം മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. സഭ അല്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 11.02-ന് സഭ അൽപസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നതായി

അറിയിച്ചു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 11.02 -ന് നിർത്തിവച്ച സഭ 11.31-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്നില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാക്കൗട്ട് സ്പീച്ച് നടത്തിയതിനുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെവന്ന് മുദ്രാവാക്യം വിളിക്കുകയാണുണ്ടായത്. എന്തായിരുന്നു ആവശ്യമെന്നതും എന്തിനാണ് ബഹളം വച്ചതെന്നും ചെയറിന് വ്യക്തമായിരുന്നില്ല....(ബഹളം)... ഇത് നിർഭാഗ്യകരമായൊരു സാഹചര്യമാണ്. ദയവായി സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ വാക്കൗട്ട് പ്രസംഗത്തിൽ ആദ്യം IPC 306 ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ സംസാരിച്ചത്. അവരുടെ പേരിൽ കേസെടുക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം. ആ ആവശ്യം ഞങ്ങൾ ഉന്നയിച്ചില്ലേ? അതിന് ഗവൺമെന്റ് തയ്യാറാകണമെന്നതാണ് ഞങ്ങളുടെ ഇപ്പോഴത്തെ ആവശ്യം. ആ ചെയർപേഴ്സണിനെ മാറ്റുകയും അവരുടെ പേരിൽ IPC 306 അനുസരിച്ച് കേസെടുക്കുകയും വേണം. അല്ലാതെ എങ്ങനെയാണ് മുന്നോട്ടു പോകുന്നത്.

ലോകം മുഴുവൻ ശ്രദ്ധിക്കുന്ന ഏറ്റവും വലിയൊരു സംഭവമല്ലേ ഇത്?

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇത് Cr.PC 173 പ്രകാരം unnatural death- ന് കേസെടുത്തുകഴിഞ്ഞു. അതിന്റെ ഭാഗമായിട്ടുള്ള അന്വേഷണം നടക്കുകയാണ്. ആ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് ഏത് സെക്ഷൻ വച്ച് കേസെടുക്കണമെന്ന് അന്വേഷണ ഏജൻസി തീരുമാനിക്കേണ്ടത്. പോലീസിന്റെ മുമ്പിലുള്ള അന്വേഷണ വിഷയമാണിത്. അൺ നേച്ചറൽ ഡെത്തിന് 173 പ്രകാരം കേസെടുത്തുകഴിഞ്ഞു. പിന്നെ ഏത് കേസെടുക്കണമെന്നാണ് ഇവർ പറയുന്നത്. IPC 306-ലാണോ കൊലപാതകത്തിലാണോ കേസ് എടുക്കേണ്ടതെന്നത് അന്വേഷണ ഏജൻസിയാണ് തീരുമാനിക്കേണ്ടത്.

മി. സ്പീക്കർ: ഗവൺമെന്റിന്റെ നിലപാട് പറഞ്ഞിരിക്കുകയാണ്. ഏത് സെക്ഷനിലാണ് കേസെടുക്കേണ്ടതെന്നുള്ളത് നിയമസഭയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നൊരു പതിവില്ല. അത് സ്വാഭാവികമായിട്ടുള്ളൊരു രീതിയല്ല.

ദയവായി സഹകരിക്കുക. .....(ബഹളം).......